പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2321 — 13.02.2013 -ലെ മറുപടി

മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന യാത്രാ ക്ലേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>" പി. ഉബൈദുള്ള<br>" പി. കെ. ബഷീർ<br>" സി. മമ്മൂട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ ഓർഡിനറി സർവ്വീസുകൾ സ്വകാര്യ ബസ്സുകളെ അപേക്ഷിച്ച് താരതമ്യേന വളരെ കുറവാണ്. എന്നിരുന്നാലും ഈ ഓർഡിനറി ബസ്സുകളിലെല്ലാംതന്നെ വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം കെ.എസ്.ആർ.ടി.സി അനുവദിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികളുടെ യാത്രാസൗജന്യം ഒഴിവാക്കുന്നതിലേക്കായി 70 കി.മീ. റൂട്ട് ദൈർഘ്യമുള്ള സ്വകാര്യ ബസ്സുകൾ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളായി കൺവെർട്ട് ചെയ്ത് വരുന്നതാണ് വിദ്യാർത്ഥികൾ നേരിടുന്ന യാത്രാ ക്ലേശത്തിന് പ്രധാന കാരണം. സ്വകാര്യ ബസ്സുകളുടെ ഇത്തരത്തിലുള്ള കൺവെർഷൻ ഒഴിവാക്കുന്നതിന് സർക്കാർ കൊണ്ടുവന്ന കരട് വിജ്ഞാപനം അന്തിമമാക്കുന്നതോടുകൂടി ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും നിശ്ചിത എണ്ണം കൺസഷൻ ടിക്കറ്റുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂയെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഓർഡിനറി ബസ്സുകളിൽ കൺസഷൻ ടിക്കറ്റ് വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) | അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ടിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ ; | | |
| (ഡി) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ്സ് ഓൺലി ബസ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ